## പതിമൂന്നാം കേരള നിയമസഭ

### പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 15

08/02/2016-ൽ മുഖ്യമന്ത്രി മറുപടി നൽകേണ്ടത്

### പൊതുഭരണ സെക്രട്ടേറിയറ്റിലെ ജോലിഭാരം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. എം. പി. വിൻസെന്റ് | | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
| (എ) | പൊതുഭരണ സെക്രട്ടേറിയറ്റിൽ എസ്. സി., എസ്. ടി., തദ്ദേശസ്വയം ഭരണം, റവന്യൂ, വിദ്യാഭ്യാസം എന്നീ വകുപ്പുകളിലെ അധിക ജോലി ഭാരം പരിഹരിക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുഭരണ സെക്രട്ടേറിയറ്റിലെ എസ്. സി., എസ്. ടി., തദ്ദേശസ്വയം ഭരണം, റവന്യൂ എന്നീ വകുപ്പുകളിലെ ജോലി ഭാരം സംബന്ധിച്ച് ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര വകുപ്പ് പഠനം നടത്തിയിട്ടില്ല. എന്നാൽ സെക്രട്ടേറിയറ്റിലെ പൊതു വിദ്യാഭ്യാസ വകുപ്പിലെ ജോലി ഭാരം സംബന്ധിച്ച് ഒരു ത്വരിത പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ടി പഠന റിപ്പോർട്ട് ബന്ധപ്പെട്ട ഭരണ വകുപ്പിന്റെ പരിശോധനയിലാണ്. |
| (ബി) | സെക്രട്ടേറിയറ്റ് പൊതുഭരണ വകുപ്പിൽ ജീവനക്കാർക്ക് പബ്ലിക് റിലേഷൻസിൽ പരിശീലനം നൽകുമോ; | (ബി) | പൊതുഭരണ സെക്രട്ടേറിയറ്റിലെ ജീവനക്കാർക്ക് വിവിധ വിഷയങ്ങളിൽ പരിശീലനം നൽകുന്നതിനായി ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര വകുപ്പിന്റെ കീഴിൽ 'മികവിന്റെ കേന്ദ്രം' എന്ന പേരിൽ ഒരു പരിശീലന കേന്ദ്രം സ്ഥാപിതമായിട്ടുണ്ട്. ഇവിടെ പൊതുജന സമ്പർക്കത്തിൽ ജീവനക്കാർക്ക് മികവ് പുലർത്തുന്നതിനായി "Motivation and Inter Personal Relationship, Good governance through e-governance, Yoga and Stress Management"എന്നീ വിഷയങ്ങളിൽ ജീവനക്കാർക്ക് പരിശീലനം നൽകി വരുന്നു. |

| | | | |
|---|---|---|---|
| (സി) | ജനങ്ങൾക്ക് ആവശ്യമായ വിവരങ്ങൾ ഫ്രണ്ട് ഓഫീസിൽ നിന്നുതന്നെ ലഭിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ? | (സി) | ഫ്രണ്ട് ഓഫീസിൽ ലഭ്യമായ ഇൻഫർമേഷൻ സംവിധാനം ഉപയോഗപ്പെടുത്തി ഫയൽ സംബന്ധമായ വിവരങ്ങൾ സന്ദർശകർക്ക് നൽകുന്നു. ആവശ്യമായ സാഹചര്യങ്ങളിൽ ബന്ധപ്പെട്ട വകുപ്പുകളിൽ/ സെക്ഷനുകളിൽ നിന്നും സന്ദർശകർക്ക് ഫോൺ മുഖേന വിവരങ്ങൾ ശേഖരിച്ചും നൽകി വരുന്നു. |

S. [signature]
സെക്ഷൻ ഓഫീസർ